പടിക്കലൂടെ നോക്കിയാൽ വീടിന്റെ
ഉമ്മറം പോലും കാണരുത് എന്ന വാശിയിൽ
മലയാളികൾ മതിലുകൾ കെട്ടുമ്പോൾ
സുരക്ഷയല്ല, അവിശ്വാസവും
പരിസ്ഥിതി നാശവുമാണ് ഉണ്ടാകുന്നതെന്ന്

സി. രാജഗോപാൽ

# മതിലുകൾക്കപ്പുറം

**വീടിനുചുറ്റിലും** വൻ മതിലുകൾ പണിയുന്ന പ്രവണത ഇക്കാലത്ത് വളരെ കൂടിയിട്ടുണ്ട്. ഇതിൽ ഗ്രാമനഗരഭേദമില്ല. പണിയുന്ന മതിലിന്റെ ഉയരവും വണ്ണവും ആർഭാടവും വർദ്ധിക്കുന്നുമുണ്ട്. പടിക്കലൂടെ നോക്കിയാൽ വീടിന്റെ ഉമ്മറം പോലും കാണരുത് എന്ന വാശിയിലാണ് പഴുതില്ലാത്ത വിധം പടിവാതിൽ ഉറപ്പിക്കുന്നത്. ഈ വിധത്തിൽ മതിലുകൾ കെട്ടിയുയർത്തുന്നതിന് പിന്നിലുള്ള മന:ശാസ്ത്രം ചിന്തനീയമാണ്. സുരക്ഷയും സാമൂഹിക മേന്മയുമാണോ മതിലുകൾകൊണ്ട് ഉദ്ദേശിക്കുന്നത്? സമൂഹജീവിയായ മനുഷ്യന് കന്മതിലാണോ സുരക്ഷ? അയൽപക്കത്തിലേക്കുള്ള എളുപ്പവഴിയിൽ ചുമരുപണിഞ്ഞാൽ അത് സംസ്കാരമാകുമോ? ഉയരുകയും പെരുകുകയും ചെയ്യുന്ന മതിലുകളെ കുറിച്ച് ഇത്തരം യുക്തിവിചാരങ്ങൾ ഏറെ പ്രശസ്തമാണ്.

സ്നേഹപൂർണ്ണമായ അയൽപക്ക ബന്ധങ്ങളാണ് ജീവിതത്തിന് സന്തോഷവും, സാരള്യവും, സുരക്ഷാബോധവും നൽകുന്നത്. നല്ല അയൽപക്കവുമായി പങ്കിടുമ്പോഴാണ് ജീവിതത്തിലെ കളിയും ചിരിയും ഇരട്ടിക്കുന്നതും, ദുഃഖങ്ങൾ അലിഞ്ഞു തോരുന്നതും. സ്വയം ഊരു വിലക്കുന്നതുപോലെ സ്വന്തം കുടുംബത്തെ ചുറ്റുപാടിൽ നിന്നും വേർപെടുത്തും വിധം മതിലുകെട്ടി തിരിക്കുന്നു. ഇങ്ങനെ ഒറ്റപ്പെട്ടുകഴിയുമ്പോൾ അനാഥത്വവും അരക്ഷിതബോധവുമായിരിക്കും അനുഭവപ്പെടുക. തുറസ്സുകൾ സുതാര്യതയും പങ്കാളിത്തവും പകർത്തുമ്പോൾ മതിലുകൾ അവിശ്വാസവും, സംശയവും, നിശബ്ദതയുമാണ് വളർത്തുക. മനുഷ്യർക്കിടക്ക് ഉയർന്നുവരുന്ന മതിലുകൾ ഏതുവിധത്തിലാണ് സ്നേഹത്തിന്റെ കാഴ്ചകളെ വിലക്കുന്നതെന്ന് നമുക്ക് പറഞ്ഞുതരുന്നുണ്ട് വൈക്കം മുഹമ്മദ് ബഷീറിന്റെ മതിലുകൾ എന്ന കൃതി.

വീട്ടിൽ നിന്നും വീട്ടിലേക്ക് തടസ്സമില്ലാത്ത നാട്ടുവഴികൾ അവ ഉള്ളം കയ്യിലെ രേഖകൾ പോലെ ഗ്രാമജീവിതത്തിന്റെ സരളതയേയും സുതാര്യതയേയും അടയാളപ്പെടുത്തിയിരുന്നു. ഇന്ന് ആ കാഴ്ചകൾ അതിവേഗം മറഞ്ഞുകൊണ്ടിരി



**വീട്ടിൽ നിന്നും വീട്ടിലേക്ക് തടസ്സമില്ലാത്ത നാട്ടുവഴികൾ അവ ഉള്ളം കയ്യിലെ രേഖകൾ പോലെ ഗ്രാമജീവിതത്തിന്റെ സരളതയേയും സുതാര്യതയേയും അടയാളപ്പെടുത്തിയിരുന്നു. ഇന്ന് ആ കാഴ്ചകൾ അതിവേഗം മറഞ്ഞുകൊണ്ടിരിക്കുന്നു. ഗ്രാമീണ ഭൂഭാഗങ്ങളുടെ ചേർച്ചകളെ വെട്ടിമുറിച്ച് മതിലുകൾ ഉയർത്തുമ്പോൾ തടസ്സപ്പെടുന്നത് എല്ലാം തരം സ്നേഹങ്ങളുടെ ഒഴുക്കുകളാണ്**

ക്കുന്നു. ഗ്രാമീണ ഭൂഭാഗങ്ങളുടെ ചേർച്ചകളെ വെട്ടിമുറിച്ച് മതിലുകൾ ഉയർത്തുമ്പോൾ തടസ്സപ്പെടുന്നത് എല്ലാതരം സ്നേഹങ്ങളുടെയും ഒഴുക്കുകളാണ്. തട്ടുംപുറത്ത് പെറ്റിട്ട മക്കളെയും, കടിച്ചെടുത്ത് പമ്മി പമ്മി വേലിനൂണ്ട് അയൽപക്കത്തിലേക്കു പോകുന്ന കുറുഞ്ഞിപൂച്ച, അടുത്ത വീട്ടിൽ നിന്നും കുഴുത്തിമല കുടമണിയും കിലുക്കി വേലി നൂണ്ട് ഓടിവരുന്ന ആട്ടിൻകുട്ടി, അതിനെ പിന്തുടർന്ന് പിച്ച വെച്ചെത്തുന്ന അയൽവീട്ടിലെ കൊച്ചുകുട്ടി ഇങ്ങനെ അയൽപക്കങ്ങളെ ഒന്നാക്കി നിറുത്തുന്ന സ്നേഹചലനങ്ങളാണ് മതിലുകൾ ഉയരുന്നതോടെ നിലച്ചു പോകുന്നത്.

ഏറ്റവും സമ്പന്നമായ യൂറോപ്യൻ രാജ്യങ്ങളിലൊന്നിൽ സ്ഥിരവാസിയായ ഒരു സുഹൃത്ത് അടുത്ത കാലത്ത് നാട്ടിൽ വന്നപ്പോൾ പറഞ്ഞ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമായി തോന്നി. അവിടെയൊന്നും വീടുകൾക്കിടക്ക് മതിലുകൾ കെട്ടാറില്ല. പൂച്ചട്ടികൾകൊണ്ടാണത്രേ അവിടെ വളപ്പുകളുടെ വേലികൾ. പ്രധാന പാതകൾക്കിരുവശവും മാത്രമാണ് മതിലുകൾ.

അടുത്ത കാലം വരെ നമുക്കുണ്ടായിരുന്നതും ജീവവേലികളുടെ ഈ ഹരിത സംസ്കൃതിയായിരുന്നുവല്ലോ?

വളപ്പിനതിരായും നടവഴികൾക്കിരുപുറവും തഴച്ചുനിന്ന ജീവവേലികളെകുറിച്ച്. തണലും, കുളിരും, സൗന്ദര്യവും, സൗരഭ്യവും, ആഹാരവും, ഔഷധവും പ്രധാനം ചെയ്യുന്ന ഹരിതപ്രതിഭാസമായിരുന്നു അവ. വിരിയുന്ന പൂക്കളിലെ തേനുണ്ണാൻ ചിത്രശലഭങ്ങളും കായ്കനികൾ തേടി കിളികളും അവയിൽ പറന്നിറങ്ങി.

പനിക്കും, തലവേദനക്കും, ഉദരരോഗങ്ങൾക്കും, ത്വക്ക്രോഗങ്ങൾക്കുമുള്ള പച്ചിലമരുന്നുകളും പറിമരുന്നുകളും അമ്മമാർ ആ ജീവ വേലികളിൽ നിന്നും സംഭരിച്ചുപോന്നു. ആ വേലികൾതന്നെ ഓണക്കാലത്ത് പൂതേടുന്ന ബാല്യത്തിന്റെ പൂക്കൂടകൾ നിറച്ചുകൊടുത്തു.

കേരളത്തിന്റെ ജൈവ വൈവിധ്യം സമ്പുഷ്ടമാക്കി നിലനിർത്തുന്നതിനും ആ വേരുകൾ വലിയ പങ്കുവഹിച്ചു. തെച്ചിയും ചെമ്പരത്തിയും വാതംകൊല്ലിയും മൈലാഞ്ചിയും, ആടലോടകവും, കരിനൊച്ചിയും, ശംഖുപുഷ്പവും, ചിറ്റമൃതും എല്ലാം ഒന്നിച്ചു വളർന്ന് സ്വയം ജീവവേലികളായ് നില നിന്നു.

അമൂല്യമായ ഈ ഹരിത പ്രതിഭാസത്തേയും വേരോടെ നശിപ്പിച്ച് തൽസ്ഥാനത്ത് കൃത്രിമമായ മതിലു കെട്ടുമ്പോൾ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല എന്ന ക്രിസ്തു വചനമാണ് ഓർമ്മയിൽ വരുന്നത്. ഇടവും വലവും ചുമരുകൾ ഉയരുന്നതിനെ കുറിച്ചും പൂക്കൾക്കുമീതെ കല്ലും, കരിയും, സിമന്റും വാഴ്ച തുടങ്ങിയതിനെകുറിച്ചും ഇടശ്ശേരി അറുപതാണ്ടുകൾക്കുമുമ്പുതന്ന 'കുറ്റിപുറം പാലം' എന്ന കവിതയിൽ വേദനയോടെ പറഞ്ഞുവെച്ചിട്ടുണ്ട്. അന്നേ കവിക്കുണ്ടായ സങ്കടം, കെടുതികൾ വളരെ കൂടുതലായിരിക്കുന്ന ഇക്കാലത്ത് എല്ലാവരുടെയും സങ്കടമായി മാറിയാൽ മാത്രമേ നമുക്ക് പെരുകുന്ന മതിൽകെട്ടുകളിൽ നിന്ന് ഇനിയെങ്കിലും മോചനം സിദ്ധിക്കൂ.


## ഡോക്യുമെന്ററികൾ

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

**കേരളീയം**
കൊക്കാലെ, തൃശൂർ–21.
ഫോൺ : 9446576943,
04872421385